# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2678 — 27.01.2014 -ൽ മറുപടിയ്ക്ക്

### ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ.വി.ഡി. സതീശൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഭൂജല വകുപ്പിന്റെ പദ്ധതിയായ രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ സ്കീമിൽ ഉൾപ്പെടുത്തി ഭൂജലം ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി, MPLAD, MLASDF, ത്രിതല പഞ്ചായത്തുകളുടെ തനത് പദ്ധതി, ജില്ലാ കളക്ടറുടെ വിവിധ പദ്ധതി, മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളുടെ ഡിപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തിയും ഭൂജലം ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) മറ്റു പൊതു കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| സി) എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | സി) ഭൂജല വകുപ്പിന് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിക്കുന്ന തുക, വരൾച്ച ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി |

| | | |
|---|---|---|
| | | സർക്കാർ അനുവദിക്കുന്ന തുക. ത്രിതല പഞ്ചായത്തുകളുടെ തനതു ഫണ്ട്, MLASDF/ MPLAD/ARWSS/ DRW മുതലായവയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക എന്നിവ പ്രയോജനപ്പെടുത്തിയാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഉണ്ട്. 2013-14 കാലയളവിൽ ഇതുവരെ വിവിധ ജില്ലകളിലായി ഭൂജലം ഉപയോഗിച്ച് 279 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ